ഭക്തിയിൽ ഏതാണ് ശ്രേഷ്ഠം?



എസ്. രുഗ്മിണി ഗോപാലകൃഷ്ണൻ
റിട്ടയേർഡ് പ്രിൻസിപ്പാൾ
സി.എം.ഗവൺമെന്റ് മ്യൂസിക്ക് കോളേജ്
പാലക്കാട് 0471-2452988 . മൊ.8547964988

ഗുരുർ ബ്രഹ്മ ഗുരുർ വിഷ്ണു
ഗുരുർ ദേവോ മഹേശ്വരാ
ഗുരുസാക്ഷാത് പരബ്രഹ്മ
തസ്മൈ ശ്രീ ഗുരവേ നമഃ

ബ്രഹ്മാവായി നമുക്ക് ജ്ഞാനം തന്ന് വിഷ്ണുവായി ആ ജ്ഞാനത്തിനെ വളർത്തി. ആ വളർത്തിയ ജ്ഞാനത്തിനെ നമുക്ക് ലഭിക്കാത്തതുപോലെ അനേക ദുഷ്ട ശക്തികൾ നമ്മളെ പിന്തുടരുന്നു. ആ ദുഷ്ട ശക്തികളെ ഗുരുവാണ് പോരാടി ഹനിക്കുന്നത് 'ഗു' എന്നാൽ ഇരുട്ട് 'രു' എന്നാൽ ഹനിക്കുക. അതിനാൽ 'ഗുരു' എന്നാൽ ഇരുട്ടിനെ ഹനിക്കുന്നവൻ ഇങ്ങനെ ഗുരുവിനാൽ ആ ജ്ഞാനത്തിന്റെ പുനർജന്മം. അതിന്റെ പരിപാലനം അതിനുള്ള തടസ്സങ്ങളെ നിക്കം ചെയ്യൽ ഇങ്ങനെ മൂന്നു കാര്യങ്ങളാണ് നടക്കുന്നത്. അതായത് ,സൃഷ്ടി, സ്ഥിതി, സംഹാരം അതിനാൽ ഗുരുമൂർത്തി തന്നെയാണ് ത്രിമൂർത്തി. സൃഷ്ടിച്ച് പരിപാലിക്കുന്നത് ജ്ഞാനമെങ്കിൽ സംഹരിക്കുന്നത് അജ്ഞാനവും .

ഗുരുവാണ് ശ്രേഷ്ഠൻ എന്ന മനോഭാവത്തോടും വിനയത്തോടും പെരുമാറുക എന്നത് മികച്ച ശിഷ്യന്മാർക്ക് അനിവാര്യമാണ്. ഈശ്വരനും ഗുരുവും ഒന്നു തന്നെയാണ് ഈശ്വരൻ തന്നെയാണ് ഗുരു രൂപത്തിൽ വരുന്നത്. അനന്യമായ ഗുരുഭക്തി ചെയ്യുന്ന ശിഷ്യന്റെ പങ്ക് ഒരു ശതമാനമാണെങ്കിൽ ഗുരു തന്റെ ശിഷ്യനുവേണ്ടി ചെയ്യുന്നത് ആയിരം ശതമാനമാണ്. മാത്രമല്ല ഗുരു ശിഷ്യനെ ബലവാനാക്കി ഭയങ്കര ഉയർച്ചയിലേക്ക് നയിക്കുകയും ചെയ്യുന്നു. എല്ലാ ശിഷ്യന്മാരും തന്നാലായവിധം ഗുരുത്വത്തോടുള്ള പെരുമാറ്റം കൊണ്ട് ശ്രേയസ് പ്രാപ്തമാക്കാൻ ശ്രമിക്കണം

ഗുരുവന്ദനം-നിന്ദ-അമൃതം-വിഷം

പഞ്ചാത്തര രത്നമാലിക എന്ന ഗ്രന്ഥത്തിൽ ആദിശങ്കരൻ ഉപദേശിക്കുമ്പോൾ ഏതാണ് വിഷം ഏതാണ് അമൃത്? എന്നൊരു ചോദ്യം? അതിന്റെ ഉത്തരം.

- ഗുരുവിനോട് അപമര്യാദയായി പെരുമാറുന്നതാണ് വിഷം
- ഗുരുവിനെ പൂർണ്ണമനസ്സോടെ നമസ്ക്കരിക്കുന്നതാണ് അമൃതം.

ഗുരുവിന് നാം ചെയ്യുന്ന [illegible] അദ്ദേഹത്തിന്റെ [illegible] അനുഗ്രഹങ്ങളെ [illegible]

പോഷിപ്പിച്ച് അത് നമുക്കുള്ളിൽ പോയി അടിഞ്ഞുകിടക്കുന്ന പാപങ്ങളെയെല്ലാം പിഴുതെടുത്ത് പുറത്ത് കളയുന്നു. ഇതിനായി ഒരു സംഭവത്തെക്കുറിച്ച് ഇവിടെ ഉദ്ധരിക്കട്ടെ.

രാമാനുജനുടെ ശിഷ്യനായ അനന്താൾവാൻ തിരുപ്പതി നന്ദവനത്തിൽ പൂക്കൾ പറിച്ച് മാലകെട്ടുകയായിരുന്നു. അദ്ദേഹത്തിനെ പരീക്ഷിക്കാൻ ആഗ്രഹിച്ച ഏഴുമലയാൻ. സാക്ഷാൽ ശ്രീ തിരുപ്പതി വെങ്കടാചലപതി സ്വാമി ഒരു പൂജാരിയെ അയച്ച് അനന്താൾവാറെ സന്നിധിയിലേക്ക് ഉടൻ വരാൻ ആജ്ഞാപിച്ചു. ഈ വിവരം പൂജാരി ഉടൻ അനന്താൾവാറെ അറിയിച്ചു പക്ഷേ അദ്ദേഹം വരാം എന്ന് പറഞ്ഞതല്ലാതെ സന്നിധിക്ക് ഉടൻ പോയില്ല. മാല കോർക്കാൻ ഒരുപാട് സമയം വേണ്ടി വന്നു. അതിനു ശേഷം പൂക്കുട തലയിലേന്തി അദ്ദേഹം സന്നിധിയിൽ എത്തി ഏഴുമലയാൻ ഭയങ്കര ദേഷ്യത്തിൽ അനന്താൾവാറോട് ഞാൻ വിളിച്ചയുടനെ നീ എന്താ വരാത്തത് ? എന്റെ ഉത്തരവിനെ വിലകല്പിക്കാത്ത നിന്നെ മലയിൽ നിന്നും ഓടിച്ചാൽ എന്ത്? എന്ന് ചോദിച്ചു. അതിനുത്തരമായി എന്റെ ഗുരുനാഥൻ രാമാനുജൻ എന്നെ മാലകെട്ടാൻ ആജ്ഞാപിച്ചിരിക്കുന്നു. ദൈവത്തിന്റെ ആജ്ഞയെക്കാളും ഗുരുവിന്റെ ആജ്ഞയെ ധിക്കരിച്ച് താങ്കൾക്ക് വേണ്ടി ജോലി ചെയ്യണമെന്ന് എനിക്ക് നിർബന്ധമില്ല. താങ്കളും എന്നെപ്പോലെ ഇ[illegible] വന്ന ആളാണ് [illegible] എനിക്കും താങ്കൾക്കു [illegible] അവകാശമുണ്ട്. താങ്കൾ ഈ മലയിൽ എന്നെക്കാളും കുറച്ച് കാലം മുൻപെ എത്തിയിരിക്കാം . അത്രതന്നെ എന്ന് അനന്താൾവാർ ഉത്തരം പറഞ്ഞ.

ഇതു കേട്ട ഭഗവാൻ ഏഴുമലയാൻ സന്തോഷപൂർവ്വം നിന്റെ ഗുരുഭക്തിയെപ്പറ്റി ലോകത്തെ അറിയിക്കാൻ വേണ്ടിയാണ് ഞാൻ ഇവ്വിധം വിളിച്ചത് എന്ന് അരുളി 'ദൈവത്തെക്കാളും ഗുരുവാണ് മഹാവ്യക്തി' എന്നുള്ള കാര്യം എല്ലാവരും മനസ്സിലാക്കണം എന്നു പറഞ്ഞു. അനന്താൾവാറിനെ ഏഴുമലയാൻ അനുഗ്രഹിച്ചു

[illegible]